SET - 1

# ഡയറ്റ് കോട്ടയം

**എൽ.എസ്.എസ് മാതൃകാ പരീക്ഷ മെയ് 2021**

**മാതൃകാ ചോദ്യപേപ്പർ - 1**

**(പേപ്പർ-1) (സെറ്റ് 1)**

---

സമയം : 2 മണിക്കൂർ | ആകെ സ്കോർ: 50

പേര്..................................................................ഫോൺ:..............................................

സ്കൂൾ....................................................................................................................

**പൊതുനിർദ്ദേശങ്ങൾ**

1. 10 മണി മുതൽ 12.20 വരെയാണ് പരീക്ഷാ സമയം.
2. ആദ്യത്തെ 20 മിനിട്ട് സമയം സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ഈ സമയം ഉപയോഗപ്പെടുത്തേണ്ടതാണ്.
3. എൽ.എസ്.എസ് പരീക്ഷയ്ക്ക് ഒരു പേപ്പറും അതിൽ 5 പാർട്ടുകളുമാണ് ഉണ്ടായിരിക്കുക. പാർട്ട് (എ) - മലയാളം, പാർട്ട് (ബി)- ഇംഗ്ലീഷ്, പാർട്ട് (സി) - പരിസരപഠനം, പാർട്ട്(ഡി)- ഗണിതം, പാർട്ട് (ഇ)- പൊതുവിജ്ഞാനം.
4. എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.

DIET KOTTAYAM

## പാർട്ട് എ മലയാളം

10 മാർക്ക്

- 1 മുതൽ 6 വരെയുള്ള ചോദ്യങ്ങളാണ് മലയാളത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ഓരോ ചോദ്യത്തിനു നേരെയും സ്കോർ രേഖപ്പെടുത്തിയിട്ടുണ്ട്.
- എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.



.......

1. വിശദമായി ഉത്തരമെഴുതുക? (5)

ഗ്രാമഭംഗി

മലരണിക്കാടുകൾ തിങ്ങിവിങ്ങി
മരതക കാന്തിയിൽ മുങ്ങി മുങ്ങി
കരളും മിഴിയും കവർന്നു മിന്നി
കറയറ്റൊരാലസൽ ഗ്രാമഭംഗി
പുളകംപോൽ കുന്നിൻപുറത്തു വീണ
പുതുമൂടൽ മഞ്ഞല പുല്കി നീക്കി
പുലരൊളി മാമല ശ്രേണികൾ
തൻ പുറകിലായ് വന്നുനിന്നെത്തി നോക്കി
ഇടയന്റെ പാട്ടിലലിഞ്ഞൊഴുകും
തടിനിയും താമരപ്പൊയ്കകളും
ഒരു കൊച്ചു കാറ്റെങ്ങാൻ വന്നുപോയാൽ
തുരുതുരെ പൂമഴയായ് പിന്നെ
എവിടെത്തിരിഞ്ഞൊന്നു നോക്കിയാലും
അവിടെല്ലാം പൂത്ത മരങ്ങൾ മാത്രം

(രമണൻ) (ചങ്ങമ്പുഴ)

(a) കവിതയിലെ പാട്ടിലലിഞ്ഞൊഴുകും എന്ന പദം പിരിച്ചെഴുതുക (1)

(b) മാമലശ്രേണികളുടെ പുറകിലായി എത്തി നോക്കിയത് ആരെല്ലാം? (1)

(c) ഗ്രാമഭംഗി എന്ന കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക. (3)

DIET KOTTAYAM

2. ഭൂമിക്കൊരു ചരമഗീതം ആരുടെ കൃതിയാണ്? (1)
(ഉള്ളൂർ, ബാലാമണിയമ്മ, ഒ.എൻ.വി.കുറുപ്പ്, കുഞ്ഞുണ്ണി മാഷ്)

3. കൃഷ്ണഗാഥ രചിക്കാൻ നിമിത്തമായ വിനോദം? (1)
(ഹോക്കി, ചതുരംഗം, കിളിത്തട്ട്, പകിട)

4. നെഹ്റുട്രോഫി വള്ളംകളി നടക്കുന്ന കായൽ ഏത് ? (1)

5. ശരിയായ പദം തിരഞ്ഞെടുത്തെഴുതുക? (1)
(ഷുദ്രം, ക്ഷുധ്രം, ഷുഡ്രം, ക്ഷുദ്രം)

6. ഒറ്റയാനെ കണ്ടെത്തുക. (1)
(പത്തായം, വിളക്ക്, തേക്കുകൊട്ട, കലപ്പ)

DIET KOTTAYAM

DIET KOTTAYAM

LSS EXAMINATION APRIL -2021

(PAPER 1) (PART B)

ENGLISH SCORE 10

Write the answer to the questions in the space provided
Questions 1 to 6 are included in the English section
The score of each questions is given against it
Answer all the Questions

1. Complete the word web?




(1)

2. Re arrange the given words and write the answer to the question

Why did the king Vidyadhara smile?

the/see/was/happy/honest/king/to/an/boy (1)

DIET KOTTAYAM

3. Answer the riddle

I am a vegetable
I am a flower too
I am white in colour
who am I (1)

4. Find the odd one

digging/sowing/breathing/reaping (1)

5. Replace the underlined word with the opposite word

Biting nails is a <u>bad</u> habit

but hleping poor is a -------------------------------------------------------habit. (1)

6. a) Make matching pairs (2)

| | | |
|---|---|---|
| seed | - | shed |
| flower | - | ripe |
| fruit | - | sprout |
| leaf | - | bloom |

b) Pingala's seed didn't sprout he beacame disappointed. His father console him. what will be the conversation between Pingala and his father. (3)

Father:-

Pingala:-

Father:-

Pingala:-

Father:-

Pingala:-

DIET KOTTAYAM

# ഡയറ്റ് കോട്ടയം

## എൽ.എസ്.എസ് മാതൃകാ പരീക്ഷ മെയ് 2021

### മാതൃകാ ചോദ്യപേപ്പർ - 1

### (പേപ്പർ-3) (പാർട്ട് സി)

### പരിസരപഠനം

10 മാർക്ക്

- 1 മുതൽ 6 വരെയുള്ള ചോദ്യങ്ങളാണ് പരിസരപഠനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ഓരോ ചോദ്യത്തിനു നേരെയും സ്കോർ രേഖപ്പെടുത്തിയിട്ടുണ്ട്.
- എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.

1. 2019-ൽ 100-ാം വാർഷികം ആഘോഷിച്ച സ്വാതന്ത്ര്യസമര സംഭവം ഏത്? (1)

a) ജാലിയൻ വാലാബാഗ് സംഭവം b) ഉപ്പുസത്യാഗ്രഹം
c) ക്വിറ്റ് ഇന്ത്യ സമരം d) നിസ്സഹകരണ പ്രസ്ഥാനം

2. ജലചക്രം പ്രവർത്തിക്കുന്നത് ജലത്തിന്റെ ഏതു സവിശേഷത കൊണ്ടാണ്? (1)

3. സാമൂഹ്യതിന്മകളെ പരിഹസിച്ചു കൊണ്ടും നർമ്മം കലർത്തിയും ചിട്ടപ്പെടുത്തിയ കേരളീയ കലാരൂപം ഏത്?

a) കഥകളി b) മോഹിനിയാട്ടം
c) ഓട്ടൻതുള്ളൽ d) ഭരതനാട്യം (1)

4. താഴെ തന്നിരിക്കുന്നവയിൽ ദേശാടനക്കിളി ഏത്? (1)

a) ചെമ്പോത്ത് b) മഞ്ഞക്കിളി
c) നീലപ്പൊൻമാൻ d) പച്ചിലക്കുടുക്ക

DIET KOTTAYAM

5. കൂട്ടത്തിൽ പെടാത്തത് ഏത്? (1)

a) എഡ്യുസാറ്റ് b) ആര്യഭട്ട

c) ചന്ദ്രൻ d) ആപ്പിൾ

6. a) വാലില്ലാത്ത ഉഭയജീവി ഏത്? (1)

b) തന്നിരിക്കുന്ന പട്ടിക പൂർത്തിയാക്കുക. (4)

| ജീവികൾ/സസ്യങ്ങൾ | അനുകൂലനങ്ങൾ |
|---|---|
| ആമ | |
| താമര | |
| അണ്ണാൻ | |
| നീർക്കോലി | |

DIET KOTTAYAM

# ഡയറ്റ് കോട്ടയം

## എൽ.എസ്.എസ് മാതൃകാ പരീക്ഷ മെയ് 2021

### മാതൃകാ ചോദ്യപേപ്പർ - 1

### (പേപ്പർ-1) (പാർട്ട് ഡി)

### ഗണിതം

10 മാർക്ക്

---

- 1 മുതൽ 6 വരെയുള്ള ചോദ്യങ്ങളാണ് ഗണിതത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ഓരോ ചോദ്യത്തിനു നേരെയും സ്കോർ രേഖപ്പെടുത്തിയിട്ടുണ്ട്.
- എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.

---

1. ഒരു സ്കൂളിലേയ്ക്ക് ഫർണിച്ചർ വാങ്ങാൻ പഞ്ചായത്തിൽ നിന്നും 20500/-രൂപ അനുവദിച്ചു. ഇത് ഉപയോഗിച്ച് 385/-രൂപാ വീതം വിലയുള്ള 18 കസേരകളും 945/-രൂപ വീതം വിലയുള്ള 12 മേശകളും, 1680/-രൂപയ്ക്ക് 8 സ്റ്റൂളുകളും വാങ്ങി.

a) കസേര വാങ്ങാൻ ചെലവായ ആകെ തുകയെത്ര? (1)

b) മേശകൾ വാങ്ങാൻ ചെലവായ ആകെ തുകയെത്ര? (1)

c) ഒരു സ്റ്റൂളിന്റെ വിലയെത്ര? (1)

d) എല്ലാറ്റിനും കൂടി ആകെ എത്ര രൂപാ വിലയായി? (1)

e) ബാക്കിയുള്ള തുകയോട് എത്ര രൂപാ കൂടി ചേർത്താൽ ഒരു മേശ കൂടി വാങ്ങാൻ കഴിയും? (1)

DIET KOTTAYAM

2. 31 ദിവസങ്ങൾ ഉള്ള ഒരു മാസത്തിൽ 5 ഞായറാഴ്ചകളും 5 തിങ്കളാഴ്ചകളും 5 ചൊവ്വാഴ്ചകളും ഉണ്ട്. എങ്കിൽ ആ മാസം 1-ാം തീയ്യതി ഏതു ദിവസം ആയിരിക്കും? (1)

3. 3,6,7 എന്നീ അക്കങ്ങൾ ഒരു പ്രാവശ്യം മാത്രം ഉപയോഗിച്ച് എഴുതാവുന്ന എല്ലാ മൂന്നക്ക സംഖ്യകളും എഴുതിയാൽ നൂറിന്റെ സ്ഥാനത്ത് 7 വരുന്ന എത്ര സംഖ്യകൾ ഉണ്ടാകും? (1)

4. 14 നൂറ്, 14 ആയിരം, 14 പത്ത്, 14 ഒന്ന് ചേർന്ന സംഖ്യയേത്? (1)

5. ഒരു സംഖ്യയെ 5 കൊണ്ട് ഗുണിക്കുന്നതിനു പകരം 5 കൊണ്ട് ഹരിച്ചു ഉത്തരം 50 കിട്ടി. എങ്കിൽ ശരിയായ ഉത്തരം എത്ര? (1)

6. പാറ്റേൺ പൂർത്തിയാക്കുക. 1, 2, 6, 24, 120,__________ (1)

DIET KOTTAYAM

# ഡയറ്റ് കോട്ടയം

## എൽ.എസ്.എസ് മാതൃകാ പരീക്ഷ മെയ് 2021

### മാതൃകാ ചോദ്യപേപ്പർ – 1

### (പേപ്പർ-1) (പാർട്ട് ഇ)

### പൊതുവിജ്ഞാനം

10 മാർക്ക്

- 1 മുതൽ 10 വരെയുള്ള ചോദ്യങ്ങളാണ് പൊതുവിജ്ഞാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ഓരോ ചോദ്യത്തിനു നേരെയും സ്കോർ രേഖപ്പെടുത്തിയിട്ടുണ്ട്.
- എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.

1. കേരളത്തിന്റെ ഔദ്യോഗിക ശലഭം ഏത്?
(ബുദ്ധമയൂരി, മരോട്ടിശലഭം, ഗരുഡശലഭം, കൃഷ്ണശലഭം) (1)

2. പെട്ടിമുടി ഏത് ജില്ലയിലാണ്? (1)
(എറണാകുളം, വയനാട്, പാലക്കാട്, ഇടുക്കി)

DIET KOTTAYAM

3. ജ്ഞാനപീഠം ലഭിക്കാത്ത സാഹിത്യകാരൻ? (1)
(ഒ.എൻ.വി., ജി.ശങ്കരക്കുറുപ്പ്, തകഴി, വള്ളത്തോൾ)

4. യു.എസ്.വൈസ് പ്രസിഡന്റ് സ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട ആദ്യ ഏഷ്യൻ അമേരിക്കൻ വംശജ?
(വിമല രാജൻ, കമല ഹാരിസ്, വാലന്റീന, ഹിലാരി ക്ലിന്റൺ) (1)

5. കേരളത്തിലെ ലൈഫ് പദ്ധതി ഏതു മേഖലയിലെ വികസനത്തിനാണ് ലക്ഷ്യമിടുന്നത്? (1)
(വ്യവസായം, ഗതാഗതം, പാർപ്പിടം, കൃഷി)

6. ലോകത്തെ ഏറ്റവും വലിയ ക്രിക്കറ്റ് സ്റ്റേഡിയം? (1)

7. കേരളത്തിലെ നിയമസഭ മണ്ഡലങ്ങളുടെ എണ്ണം? (1)

8. 2020-ൽ വയലാർ അവാർഡ് നേടിയ സാഹിത്യകാരൻ ആര്? (1)

9. 2021 എന്ത് വർഷമായാണ് ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചിരിക്കുന്നത്? (1)

10. ഫിഫയുടെ നൂറ്റാണ്ടിന്റെ താരം എന്ന് ബഹുമതി നേടിയ ഫുട്ബോളർ? (1)

DIET KOTTAYAM